കടമായി കൊടുക്കുന്നുണ്ട്. 1953-54-ൽ ആകെ 5,05,182 രൂപ വിലയുള്ള വളം കടം കൊടുത്തിട്ടുണ്ട്. ഈ ഇനത്തിൽ ഇനിയും 1,44,382 രൂ 11 ണ. 9 പൈസ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) കാർത്തികപ്പള്ളി, മാവേലിക്കര ഈ താലൂക്കുകളിൽ 1953-54-ൽ 24 കൃഷിക്കാർക്ക് വളം കൊടുത്തിട്ടുണ്ട്. അവരിൽ 17 പേർ 1-11-54 വരെ കടം അടച്ചുതീർത്തിട്ടില്ല. അവരുടെ പേരുവിവരത്തിനു് † ലിസ്റ്റ് ഇതോടൊന്നിച്ചു വച്ചിട്ടുണ്ട്.

പാലംപണി.

143. [20] ശ്രീ. കെ. എസ്. കൃഷ്ണൻശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ശാസ്താംകോട്ടവഴി ചെങ്കോട്ട, കോഴിത്തോട്ടം എന്ന ഒരു നീണ്ട ലൈൻ മദ്ധ്യതിരുവിതാംകൂറിൽ ഉണ്ടെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ലൈനിൽ കല്ലടയാറിലെ കുന്നത്തൂർ കടവിൽ ഒരു പാലം ആവശ്യമാണെന്നുള്ള മെമ്മോറാണ്ടങ്ങളും അപേക്ഷകളും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഇതേപ്പറ്റി ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഈ) അടുത്ത പഞ്ചവത്സരപദ്ധതിയോടുകൂടി പ്രവർത്തനം തുടങ്ങുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഈ പാലവും ഉൾപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ട്.

(ഈ) തുടങ്ങാമെന്നു വിശ്വസിക്കുന്നു.

കൊഴിഞ്ഞാമ്പാറയും, ചിറ്റൂരും ഡിസ്പെൻസറികൾ.

144. [21] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

കൊഴിഞ്ഞാമ്പാറ ഡിസ്പെൻസറിയിലേയും, ചിറ്റൂർ ആശുപത്രിയിലേയും ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിലേയും അതിനു മുൻപുള്ള രണ്ടു സാമ്പത്തികവർഷങ്ങളിലേയും ഔട്ടുപേഷ്യൻറ്, ഇൻപേഷ്യൻറ്, ഡലിവറി കേസുകൾ എന്നിവ ഓരോന്നും വേറെ വേറെ വ്യക്തമാക്കുമോ?

†Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

	Out-patient	In-patient	Labour cases
Government Dispensary, Kozhinjanpara			
1951–52	27,224	677	51
1952–53	28,376	707	202
1953–54	27,590	859	74
Government Hospital, Chittoor			
1951–52	17,951	1744	207
1952–53	15,968	1636	595
1953–54	13,939	1450	525

പഞ്ചവത്സരപദ്ധതി മേജർ സ്കീമുകൾ.

145. [22] ശ്രീ കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയിലേയും രണ്ടാം പഞ്ചവത്സരപദ്ധതിയിലേയും മേജർ സ്കീമുകൾ എന്തെല്ലാം; എവിടെയെല്ലാം;

(ബി) ചിറയൻ താലൂക്കിൽ മേജർ സ്കീമുകൾ വല്ലതുമുണ്ടോ;

(സി) ചിറയൻ താലൂക്കിലെ പോത്തുണ്ടിസ്കീം രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം.

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽപ്പെടുത്തിയിട്ടുള്ള മേജർ സ്കീമുകളുടെ ഒരു പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തേണ്ട സ്കീമുകളിൽ ജലസേചനം വിദ്യുച്ഛക്തി ഈ സ്കീമുകളെപ്പറ്റി മാത്രമേ അവസാനതീരുമാനം എടുത്തിട്ടുള്ളൂ. † അവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) പോത്തുണ്ടി സ്കീം രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു പ്ലാനിംഗ് കമ്മീഷനിലേക്കു ശുപാർശ ചെയ്തിട്ടുണ്ട്.

Agricultural Income Tax.

146. [23] **Shri A. M. Simon :** Will the Chief Minister be pleased to state :

(a) is it contemplated to close the Agricultural Income Tax Office at Nagercoil; and

(b) if so, do the Government realise the great inconvenience the nine hundred and odd assessees will be put to if they were to attend an Office at Trivandrum?

Answer.

(a) Yes.

(b) No inconvenience will be caused.

† Please see Appendix IV.

LIBRARY ARCHIVES Kerala Legislative Assembly